No.CEE/2242/2017/NPMDC-2017/TA1

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ്–2017 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

ബഹു. കേരളാ ഹൈക്കോടതിയുടെ 36005, 37112, 36391/2017 എന്നീ റിട്ട് പെറ്റിഷനുകളിന്മേലുള്ള 15.11.2017, 17.11.2017, 20.11.2017 എന്നീ തീയതികളിലെ ഉത്തരവ് പ്രകാരം 4 സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളി ലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിലേയ്ക്ക് 2017-ലെ **ബി.എസ്.സി നഴ്സിംഗ്** കോഴ്സിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിയ്ക്കുന്നു.

താഴെപ്പറയുന്ന 4 സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് **25.11.2017** മുതൽ **27.11.2017 വൈകുന്നേരം 5** മണിവരെ മേൽ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

നിശ്ചിത സമയത്തിനകം മേൽ പറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ ഈ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഇതിനോടകം സ്വാശ്രയ നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ 11.08.2017 ലെ സ.ഉ(സാധാ)നം.2250/2017/ആ.കു.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഈ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

**അലോട്ട്മെന്റ് ഷെഡ്യൂൾ:**

| | |
|---|---|
| **25.11.2017** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **27.11.2017, 5 PM** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **28.11.2017** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **29.11.2017** & **30.11.2017** | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണുന്ന ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖകളിലൊന്നിലോ, ഓൺലൈനായോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.<br>നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കാത്തതും അലോട്ട് ചെയ്യപ്പെട്ട കോഴ്സ്/കോളേജ് പ്രവേശനം നേടാത്തതുമായ വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. |
| **30.11.2017, 5.30 pm** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

ഈ ഘട്ടത്തിൽ താഴെപ്പറയുന്ന കോളേജുകളിലേയ്ക്ക് പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

| ക്രമ നം. | കോളേജ് കോഡ് | കോളേജിന്റെ പേര് | ഫീസ് (Rs.) |
|---|---|---|---|
| 1 | MCN | Mercy College of Nursing, Valakom P O, Kottarakkara, Kollam | ട്യൂഷൻ ഫീസ് 55,000/- & സ്പെഷ്യൽ ഫീസ് 15,000/- |
| 2 | IGN | Indira Gandhi College of Nursing, Gandhi Nagar, Kadavanthara, Kochi | |
| 3 | RCN | Ruckmoni college of Nursing, Ponnambi, Vellarada, Thiruvananthapuram | |
| 4 | TCN | Theophilus College of Nursing, Devagiri P O, Kangazha, Kottayam | |

കുറിപ്പ്: ഈ അലോട്ട്മെന്റിൽ മേൽപ്പറഞ്ഞ സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ 2017 നവംബർ 30–ാം തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കേണ്ടതും. പ്രസ്തുത കോളേജിൽ പഠനം തുടരേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 13.(എ) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥ രായിരിക്കും. കൂടാതെ ക്ലോസ് 12.7 പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

പ്രത്യേക ശ്രദ്ധയ്ക്ക്: **അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുമെന്നും പഠനം തുടരുമെന്നും ഉറപ്പുള്ള കോളേജുകളിലേയ്ക്ക് മാത്രം ഓപ്ഷനുകൾ നൽകുന്നതിന് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.**

തിരുവനന്തപുരം
24.11.2017

ജോയിന്റ് കമ്മീഷണർ (അക്കാഡമിക്)
**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**